# പൈതൃകശേഷിപ്പുകൾ സംരക്ഷിക്കേണ്ടതു സാമൂഹ്യ ഉത്തരവാദിത്തം - മാർ ആലഞ്ചേരി

കൊച്ചി: മതങ്ങളുടെയും സംസ്കാരങ്ങളുടെയും പൈതൃകശേഷിപ്പുകൾ സംരക്ഷിക്കേണ്ടതും പുതുതലമുറയ്ക്കു പകർന്നു നൽകേണ്ടതും പൊതുസമൂഹം ഉത്തരവാദിത്തമായി കാണണമെന്നു സീറോമലബാർ സഭ ആർച്ച്ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി അഭിപ്രായപ്പെട്ടു. സീറോ മലബാർ സഭയുടെ ഗവേഷണപഠനകേന്ദ്രമായ ലിറ്റർജിക്കൽ റിസർച്ച് സെന്റർ (എൽആർസി) സംഘടിപ്പിച്ച 54-ാമത് സെമിനാറിൽ മുഖ്യസന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

ചരിത്രവും കലയും മതങ്ങളോട് ചേർന്നു നിൽക്കുന്നതാണ്. മതത്തിന്റെ ധന്യത ചരിത്രപരമായ പശ്ചാത്തലവുമായി ഇഴചേർന്നു കിടക്കുന്നു. സമൂഹത്തിന്റെയും സഭയുടെയും സാംസ്കാരിക പൈതൃകങ്ങളും പാരമ്പര്യങ്ങളും സംരക്ഷിക്കപ്പെടണം. നമ്മുടെ നാട്ടിലെത്തുന്ന വിദേശികൾക്ക് ഇവിടുത്തെ പൈതൃകവും ചരിത്രവും വിസ്മയക്കാഴ്ച്ചയാകണം - കർദ്ദിനാൾ പറഞ്ഞു.

കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ആരംഭിച്ച എൽആർസി 54-ാംമത് പൈതൃക സെമിനാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. തൃശൂർ അതിരൂപത സഹായമെത്രാനും എൽആർസി ബോർഡ് മെമ്പറുമായ മാർ ടോണി നീലങ്കാവിൽ, എൽആർസി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. പീറ്റർ കണ്ണമ്പുഴ എന്നിവർ ഉദ്ഘാടനവേളയിൽ പ്രസംഗിച്ചു. കേരളത്തിലെ പുരാതനദൈവാലയനിർമിതി, കലാരൂപങ്ങൾ, പൈതൃകസംരക്ഷണം, ക്രൈസ്തവപാരമ്പര്യസംസ്കൃതി, ദൈവാലയങ്ങളിലെ പുരാതനകലകൾ, ഛായാചിത്രങ്ങൾ, വാസ്തുശില്പങ്ങൾ, ഐക്കൺസ് എന്നിങ്ങനെ വിവിധ വിഷയങ്ങളാണ് സെമിനാറിൽ പഠനവിധേയമാക്കിയത്.

ഡോ. എൻ. ജെ. ഫ്രാൻസീസ്, പ്രൊഫ. ജോർജ് മേനാച്ചേരി, കെ. കെ. മുഹമ്മദ്, ഡോ. സുമം പഞ്ഞിക്കാരൻ, ലിയ റെയ്ച്ചൽ ചാണ്ടി, ദർശന പഴവൂർ, ഫാ. ആന്റണി നങ്ങേലിമാലിൽ, ഫാ. റോയി തോട്ടത്തിൽ, ഫാ. ജേക്കബ് കൂരോത്ത്, ഫാ. ജോർജ് കുരിശുംമൂട്ടിൽ, ശ്രീ. തോമസ് ജോർജ് കണ്ടത്തിൽ, പോളി തളിയത്ത് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

ഡോ. ഫ്രാൻസിസ് തോണിപ്പാറ, ഫാ. ജോയിസൺ പള്ളിപ്പറമ്പിൽ, ഡോ. പോൾ കാട്ടൂക്കാരൻ, ഡോ. നോബിൾ മണ്ണാറത്ത്, ഡോ. പോളച്ചൻ കോച്ചാപ്പിള്ളി, ഡോ. സെലിൻ റോയി തകിടിയേൽ, പോളി തളിയത്ത്, റ്റി. എം. സിറിയക്, ഡോ. ജോമോൻ തച്ചിൽ, സിസ്റ്റർ ഫാത്തിമ, റ്റി. കെ. ജോസ് തട്ടിൽ, ജോസഫ് ജോൺ കീത്തറ, ഡോ. സാംസൺ ഡേവിസ് തുടങ്ങിയവർ മോഡറേറ്റർമാരായിരുന്നു. സെമിനാറിൽ പങ്കെടുത്ത വിവിധ കലാകാരന്മാരുടെ മൗലിക ചിത്രരചനകൾ സെമിനാറിൽ പ്രദർശിപ്പിച്ചു.

കലാകാരന്മാരും, ചിത്രകാരന്മാരും, ആർക്കിടെക്റ്റുകളും വിവിധ കോളേജുകളിലെ അദ്ധ്യാപകരും ചരിത്രകാരന്മാരും ഗവേഷകരും ഈ സെമിനാറിൽ പങ്കെടുത്തു. പുരാവസ്തുഖനനത്തിലൂടെ കണ്ടെത്തുന്ന പൈതൃകവസ്തുക്കളുടെ അമൂല്യത മനസ്സിലാക്കി അവയെ എന്തു വിലകൊടുത്തും സംരക്ഷിക്കേണ്ടതാണെന്നു സെമിനാറിൽ പ്രബന്ധം അവതരിപ്പിച്ചുകൊണ്ട് ഇന്ത്യൻ ആർക്കിയോളജിക്കൽ സർവ്വേയുടെ മുൻ ഡയറക്ടർ കെ. കെ. മുഹമ്മദ് പ്രസ്താവിച്ചു. സമൂഹത്തിന്റെ പൈതൃകസ്വത്താണ് പുരാതനപള്ളികളും, കലകളും, കലാരൂപങ്ങളും. അവയെ കണ്ണിലെ കൃഷ്ണമണിപോലെ സംരക്ഷിക്കുന്നതിനും, അവയുടെ ചരിത്രപരമായ പ്രാധാന്യം മനസ്സിലാക്കുന്നതിനും, പുതുതലമുറയ്ക്ക് കൈമാറുന്നതിനും സമൂഹത്തിനു വലിയ ഉത്തരവാദിത്തമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഏതു മതവിഭാഗത്തിന്റേതായാലും ദൈവാലയനിർമിതികൾ ഏതുകാലത്തും, ഏതുദേശത്തും വിസ്മയങ്ങളുടെ കലവറകളാണ്. കലയുടെയും വാസ്തുവിദ്യയുടെയും അതിശയകരമായ

നിർമിതികൾ എന്നതിലുപരി സംസ്കാരത്തെയും, ആചാരവിശ്വാസങ്ങളെയും ദൈവശാസ്ത്രത്തെയും, കാലത്തെയും അടയാളപ്പെടുത്തുന്നവയാണ് കേരളത്തിലെ പുരാതനമായ ക്രൈസ്തവദൈവാലയങ്ങൾ. ഇതിനൊക്കെ പുറമെ നിലവിലിരുന്ന സമുദായമൈത്രിയുടെയും സാംസ്കാരികസമന്വയത്തിന്റെയും നിദർശനങ്ങൾ കൂടിയാണ് ഈ ദൈവാലയങ്ങൾ. ചരിത്രത്തെ ഓർമിപ്പിക്കുക മാത്രമല്ല ചരിത്രത്തെ പ്രതിഫലിപ്പിക്കുക കൂടി ചെയ്യുന്നവയാണ് ഇവ. നിർഭാഗ്യവശാൽ കാലത്തിന്റെ കൈയൊപ്പുവീണ പല ദൈവാലയങ്ങളും പൊളിച്ചുമാറ്റപ്പെടുകയോ, പുതുക്കിപ്പണിയപ്പെടുകയോ ചെയ്തുകഴിഞ്ഞു. അവശേഷിക്കുന്നവ വിരലിലെണ്ണാവുന്നവ മാത്രം. ഇവയെ സംരക്ഷിക്കുക എന്നത്, കാലവും ചരിത്രവും ഏല്പിക്കുന്ന ഉത്തരവാദിത്വമാണെന്ന് സെമിനാറിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

ബിഷപ്പുമാരായ മാർ പോളി കണ്ണൂക്കാടൻ, മാർ റെമിജീയൂസ് ഇഞ്ചനാനിയിൽ, മാർ ടോണി നീലങ്കാവിൽ, റവ. ഡോ. പീറ്റർ കണ്ണമ്പുഴ, റവ. ഡോ. ജെയിംസ് പുലിയുറുമ്പിൽ, റവ. ഡോ. നോബിൾ മണ്ണാറത്ത്, റ്റോമി ജോസഫ് അറയ്ക്കൽ, ജോസഫ് ജോൺ കീത്തറ എന്നിവർ സെമിനാറിന് നേതൃത്വം നൽകി.

എൽആർസി സെമിനാറിന്റെ സമാപനദിവസം കാഞ്ഞൂർ സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ വെച്ച് നടത്തിയ ‘ഹെറിറ്റേജ് ആർട് എക്സ്പോ’ ആദ്യന്തം ശ്രദ്ധേയമായി. പൈതൃക സംരക്ഷണപഠനങ്ങൾ ക്ലാസ് മുറികളിലും പുസ്തകത്താളുകളിലും മാത്രമാകാതെ ജനഹൃദയങ്ങളിലേക്കുകൂടി എത്തിക്കുകയെന്നതിന്റെ ആദ്യപടിയെന്ന നിലയിലാണ് ‘ഹെറിറ്റേജ് ആർട് എക്സ്പോ’ സംഘടിപ്പിച്ചത്. പ്രശസ്ത കലാകാരൻമാരെയും ചിത്രകാരൻമാരെയും പങ്കെടുപ്പിച്ച് കേരളത്തിലെ ചരിത്ര പ്രധാന ദൈവാലയങ്ങളുടെ പുരാതനത്വത്തിലേക്ക് വെളിച്ചം വീശുന്ന ചിത്രരചനാവിരുന്ന് ഭാവിതലമുറയ്ക്കായി ഒരുക്കുകയെന്ന ലക്ഷ്യമാണ് ‘ഹെറിറ്റേജ് ആർട് എക്സ്പോ’യ്ക്കുള്ളതെന്ന് എൽആർസി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. പീറ്റർ കണ്ണമ്പുഴ അറിയിച്ചു. എൽആർസിയുടെ ആദ്യത്തെ ‘ഹെറിറ്റേജ് ആർട് എക്സ്പോ’യാണ് കാഞ്ഞൂർ സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ വെച്ച് നടന്നത്. ഫ്ളോറൻസ് ബിനാലെ മെഡൽ ജേതാവും ചിത്രകാരനുമായ ഫ്രാൻസീസ് കോടങ്കണ്ടത്ത് ഉദ്ഘാടനം ചെയ്തു. തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ഫൊറോനാ വികാരി റവ. ഡോ. വർഗീസ് പൊട്ടയ്ക്കൽ, എറണാകുളം അങ്കമാലി അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി സിജോ പൈനാടത്ത് എന്നിവർ പള്ളിയുടെ പൈതൃകവും ചരിത്രപ്രാധാന്യവും പരിചയപ്പെടുത്തി പ്രസംഗിച്ചു. കാഞ്ഞൂർ ഇടവകകാരും മുപ്പതോളം കലാകാരന്മാരും, ആർക്കിടെക്റ്റുകളും വിവിധ കോളേജുകളിലെ അദ്ധ്യാപകരും ചരിത്രകാരന്മാരും ഗവേഷകരും എൽആർസി ‘ഹെറിറ്റേജ് ആർട് എക്സ്പോ’യിൽ പങ്കെടുത്തു.